RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 02.04.2020

**സർക്കുലർ നമ്പർ. 26/2020**

വിഷയം :- സഹകരണ വകുപ്പ് - കോവിഡ് 19 - സഹകരണ സ്ഥാപനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാരിന്റെ പൊതുവായ നിർദ്ദേശങ്ങൾ.

കോവിഡ് -19 മഹാമാരിയ്ക്കെതിരെ ലോകത്തിന് ആകെ മാതൃകയായ ചെറുത്ത് നിൽപാണ് നമ്മുടെ സംസ്ഥാനവും സർക്കാരും നടത്തിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും വികസിത രാജ്യങ്ങളെക്കാൾ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും, എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷണവും മറ്റ് സഹായങ്ങളും എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ പരമാവധി പരിശ്രമിക്കുകയാണ്. ഇതിന്റെ ഭാഗമാകുവാൻ കേരളത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഉദാരമായി സംഭാവന നൽകേണ്ടതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹകരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) കേരളത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളും അതാത് സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷിയ്ക്ക് അനുസരിച്ച് പരമാവധി തുക സംഭാവനയായി നൽകേണ്ടതാണ്.
2) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഘങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പൊതുനന്മ ഫണ്ടിൽ നിന്നോ സംഭാവന നൽകാവുന്നതാണ്.
3) പൊതുഫണ്ടിൽ നിന്നും സംഭാവന നൽകുമ്പോൾ ആയത് ഭാവി ലാഭ/നഷ്ട കണക്കിൽ നിന്നും അഞ്ച് വാർഷിക തവണകളായി റീ കൂപ്പ് ചെയ്യുന്നതിന് ഓരോ സംഘത്തിന്റെയും സാമ്പത്തിക സ്ഥിതിയ്ക്ക് അനുസരിച്ച് ഉചിതമായ തീരുമാനം ഭരണസമിതികൾക്ക് സ്വീകരിക്കാവുന്നതാണ്.
4) ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഭാവി ലാഭത്തിൽ നിന്നും പൊതു നന്മ ഫണ്ടിലേയ്ക്ക് അടുത്ത അഞ്ച് വർഷം മാറ്റാൻ കഴിയുന്ന തുക കണക്കാക്കി ടി ഫണ്ടിൽ നിന്നും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാവുന്നതാണ്.
5) എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അതാത് ജില്ലകളിൽ നിന്നും പരമാവധി തുക ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
6) ജില്ലകളിലെ സംഭാവന തുക സംഘങ്ങളിൽ നിന്നും 2020 ഏപ്രിൽ 30ന് മുൻപായി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ മുഖാന്തിരം ചെക്ക് മുഖേന സ്വീകരിച്ച് സൂക്ഷിക്കേണ്ടതും, സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

7) അതാത് ദിവസം ലഭിച്ച സംഭാവന വിവരങ്ങൾ ( സംഘത്തിന്റെ പേര്, ചെക്ക് നമ്പർ, തുക എന്ന ക്രമത്തിൽ ) സ്റ്റേറ്റ്മെന്റായി അന്ന് തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് e-mail മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ജില്ലകളിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

8) സംഭാവനയ്ക്കുള്ള ചെക്കുകൾ **"Chief Minster's Distress Relief Fund"** (CMDRF KERALA) എന്ന പേരിൽ നൽകേണ്ടതാണ്.

ഒപ്പ്

എ. അലക്സാണ്ടർ., ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്,
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ് ) എന്നിവർക്ക്,
4. ബന്ധപ്പെട്ട അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്,
5. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന,
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ് ) മാർക്കും,
7. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം,
8. സെക്രട്ടറി, സംസ്ഥാന സഹകരമ യൂണിയൻ, തിരുവനന്തപുരം,
9. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,
10. എഡിറ്റർ, സഹകരണ വീഥി,
11. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)